LIBRARY ARCHIVES Kerala Legislative Assembly

പ്രവാസി മലയാളികൾക്ക് തൊഴിൽ

82 (1553) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര സംഘർഷം, നിതാഖത്ത് സംവിധാനം എന്നിവ കാരണം തൊഴിൽ നഷ്ടപ്പെട്ട് എത്ര പ്രവാസി മലയാളികൾ ഇതിനകം സംസ്ഥാനത്ത് എത്തിച്ചേർന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്രപേർക്ക് സർക്കാർ ഇടപെടലിൽ തൊഴിൽ ലഭ്യമായെന്നും എത്ര പേർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകിയെന്നും എത്ര തുക വീതമാണ് സഹായം നൽകിയതെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ആഭ്യന്തര കലാപം രൂക്ഷമായ ഇറാഖ്, ലിബിയ, യെമൻ തുടങ്ങിയ രാജ്യങ്ങളിൽനിന്നും 3875 പേരും നിതാഖത്ത് സംവിധാനം കാരണം തൊഴിൽ നഷ്ടപ്പെട്ട് 22634 പേരും തിരിച്ചെത്തിയിട്ടുണ്ട്.

(ബി) സർക്കാർ ഇടപെടലിനെത്തുടർന്ന് അൽ-അഹല്യ, അൽ-ആബീർ, ഡി.എം. ഹെൽത്ത് കെയർ, എൻ.എം.സി. ഗ്രൂപ്പ് തുടങ്ങിയ ഹോസ്പിറ്റലുകൾ വഴി, ആഭ്യന്തര കലാപം മൂലം തിരികെയെത്തിയ നഴ്സുമാരിൽ 42 പേർക്ക് വിദേശത്തും, 19 പേർക്ക് സ്വദേശത്തും ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്. (305 പേരെ ഷോർട്ട്‌ലിസ്റ്റ് ചെയ്തിരുന്നു.) കൂടാതെ 2013 ഏപ്രിൽ 1 മുതൽ സൗദി അറേബ്യയിൽ നിതാഖത്ത് നിയമം കർശനമാക്കിയതിനെത്തുടർന്ന് തിരികെ വന്നവരിൽ സ്വയംതൊഴിൽ സംരംഭത്തിനായി NDPREM മുഖേനയുള്ള സബ്സിഡിയുള്ള വായ്പയ്ക്ക് അർഹരെന്ന് കണ്ടെത്തിയ 2841 പ്രവാസികളുടെ വിവരങ്ങൾ ബന്ധപ്പെട്ട ബാങ്കുകളിൽ അയയ്ക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വിദേശ മലയാളികളുടെ മരണം

83 (1554) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ വച്ച് മരണമടയുന്ന മലയാളികളുടെ മൃതശരീരം യഥാസമയം നാട്ടിലെത്തിക്കാൻ കഴിയാത്ത സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദേശത്ത് വച്ച് മരണമടഞ്ഞതായി റിപ്പോർട്ട് ലഭിച്ചിട്ടുള്ളതും ഇനിയും മൃതദേഹം നാട്ടിലെത്തിക്കാൻ കഴിയാത്തതുമായ എത്ര കേസുകൾ നിലവിലുണ്ട്;